# വാലന്റെയ്ൻസ് ഡേ അഥവാ പ്രണയ ദിനം: ഇസ്‌ലാമിക വീക്ഷണത്തിൽ

[ Malayalam ]

# عيد الحب – ٢

[ باللغة مليالم ]


റുഖിയ്യ ബിൻത്ത് മുഹമ്മദ് അൽമഹാരിബ്

رقية بنت محمد المحارب

എഡിറ്റർ: സുഫ്‌യാൻ അബ്ദുസ്സലാം

مراجعة: سفيان عبد السلام



مصدر: دار القاسم

موقع كلماتhttp://www.kalemat.org

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

العربية السعودية المملكة

1430 – 2009

islamhouse.com

بسم الله الرحمن الرحيم

നൂറയും അമലും കൂട്ടുകാരികളാണ്. ഒരു ദിവസം നൂറ ഒരു ചുവന്ന റോസാപുഷ്പം നെഞ്ചിലേറ്റി നടക്കുന്നതായി അമൽ കാണാനിടയായി. പുഞ്ചിരി തൂകി നിൽക്കുന്ന നൂറയോട് അമൽ ചോദിച്ചു. ''എന്താ വിശേഷം?''.

''അറിയില്ലേ? ഇന്നാണ് വാലന്റയ്ൻസ് ഡേ അഥവാ പ്രണയ ദിനം. കൂട്ടുകാർ ഒരുമിച്ചു കൂടുകയും പരസ്പരം ആശംസകൾ കൈമാറുകയും ചെയ്യുന്ന വിശേഷ ദിവസമാണിന്ന് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ആഘോഷദിനം. അതെ, വാലന്റയ്ൻസ് ഡേ.'' നൂറ വിശദീകരിച്ചു.

ടെലിവിഷൻ ചാനലുകളിൽ അവൾ കണ്ട കാഴ്ചകൾ ഒരു മഹാകാര്യമായി അമലിന് പറഞ്ഞുകൊടുക്കുകയും ചെയ്തു. നൂറയുടെ സംസാരം ശ്രദ്ധാപൂർവ്വം കേട്ടുനിന്ന അമൽ ചോദിച്ചു. ''വാലന്റയ്ൻ എന്നു പറഞ്ഞാൽ എന്താ?'' നൂറ മറുപടി പറയാൻ ഒട്ടും താമസിച്ചില്ല. ''ലത്തീൻ ഭാഷയിൽ അതിന് സ്നേഹം എന്നാണർത്ഥം.''

നൂറയുടെ മറുപടി കേട്ട് അമൽ ചിരിച്ചുകൊണ്ട് ചോദിച്ചു ''ശരിയായ അർത്ഥം മനസ്സിലാക്കാതെയാണോ നീ ഇത് ആഘോഷിക്കുന്നത്?'' അടക്കവും ഒതുക്കവും ശീലിച്ചു വന്ന കുട്ടിയാണ് അമൽ. വാലന്റയ്ൻ എന്നതിന്റെ ശരിയായ ആശയം അമൽ വിശദീകരിച്ചു തുടങ്ങി: '' വാലന്റയ്ൻ എന്നത് ഒരു ക്രൈസ്തവ പുരോഹിതന്റെ പേരാണ്. ക്രിസ്താബ്ദം ഇരുന്നൂറുകളിലാണ് അയാൾ ജീവിച്ചിരുന്നത്. ക്രൈസ്തവ വ്യക്തിത്വങ്ങളിൽ ഒരാളായ വാലന്റയ്ന്റെ ഓർമ്മക്കായി കൊണ്ടാടപ്പെടുന്ന ഈ ആഘോഷം മതപരമായ ഒരു ആഘോഷമല്ലാതെ മറ്റൊന്നുമല്ല.'' അമൽ വിശദീകരിച്ചു. കാര്യങ്ങൾ ശരിക്ക് ചിന്തിച്ചു മനസ്സിലാക്കാതെ ഈ ആഘോ

ഷങ്ങളിൽ പങ്കെടുക്കുന്ന മുസ്ലിം  പെൺകുട്ടികളുടെ അവസ്ഥയിൽ അവൾ പരിതപിച്ചു.

**വാലന്റയ്ൻ: ഒരു ഹ്രസ്വ ചിത്രം**

വാലന്റയിനെ കുറിച്ച് മൂന്നു വിശദീകരണങ്ങളാണ് കത്തോലിക്ക എൻസൈക്ലോപീഡിയ നൽകുന്നത്. അവയിൽ ഏറ്റവും പ്രസിദ്ധമായത് റോമൻ ചക്രവർത്തിയായിരുന്ന ക്ലോഡിയസ് രണ്ടാമന്റെ ഭരണത്തിന് കീഴിൽ ജീവിച്ചിരുന്ന ക്രൈസ്തവ പുരോഹിതനായിരുന്ന സെന്റ് വാലന്റയിൻ നെക്കുറിച്ചുള്ള ചരിത്രമാണ്. ക്രിസ്താബ്ദം ഇരുന്നൂറുകളിലായിരുന്നു അത്.  ചക്രവർത്തിയുടെ ചില ശാസനകളെ ധിക്കരിച്ച ഈ പുരോഹിതനെ ചക്രവർത്തി വധശിക്ഷക്ക്  വിധിക്കുകയുണ്ടായി. ക്രിസ്താബ്ദം 270 ഫിബ്രവരി 14-നായിരുന്നു ഈ സംഭവം. ''ചക്രവർത്തിയെ ധിക്കരിച്ച കാര്യങ്ങൾ എന്തൊക്കെയായിരുന്നു അമൽ?'' നൂറ ചോദിച്ചു. ''ക്രിസ്തീയ മതത്തിലേക്ക് പ്രബോധനം നടത്തിയതായിരുന്നു അയളെ അറസ്റ്റ് ചെയ്യാനുണ്ടായ കാരണം.'' അമൽ വ്യക്തമാക്കി.

മറ്റൊരു അഭിപ്രായം ഇങ്ങനെയാണ്. ''യുദ്ധരംഗങ്ങളിൽ ശത്രുമുഖത്തേക്ക് കുതിക്കാൻ വിസമ്മതം പ്രകടിപ്പിക്കുന്ന വിവാഹിതരായ പട്ടാളക്കാരേക്കാളും ക്ഷമയും ധൈര്യവും പ്രകടമാക്കുന്നത് അവിവാഹിതരാണെന്ന് ചക്രവർത്തി മനസ്സിലാക്കുകയും അതിനെ തുടർന്ന് വിവാഹകരാറുകൾ ഉണ്ടാക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് ചക്രവർത്തി പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ സെന്റ് വാലന്റയ്ൻ ഈ കൽപ്പന ധിക്കരിക്കുകയും രഹസ്യമായി അയാളുടെ പള്ളിയിൽ വിവാഹ കർമ്മങ്ങൾ തുടരുകയും ചെയ്തു. ചക്രവർത്തി ഇത് കണ്ടെത്തുകയും വാലന്റയിനെ ജയിലിലിടക്കുകയും ചെയ്തു. ജയിലിൽ വെച്ച് ജയിൽ വാർഡനായ അസ്റ്റീരിയസിന്റെ അന്ധയായ മകളുമായി പരിചയപ്പെടുകയും അവളുടെ അന്ധത അയാൾ ചികിൽസിക്കുകയും അവളുടെ കാഴ്ച തിരികെ ലഭിക്കുകയും ചെയ്തു. അവർ പരസ്പരം സ്നേഹത്തിലാവുകയും  ചെയ്തു. വധശിക്ഷക്ക്  വിധേയനാകുന്നതിന് മുമ്പ് അയാൾ അവൾക്കായി ഒരു ആശംസാ കാർഡ് അയക്കുകയുണ്ടായി. 'സ്നേഹത്തോടെ നിന്റെ വാലന്റയ്ൻ' (From your Valentine) എന്നായിരുന്നു അതിലെ വാചകം''.

മൂന്നാമത്തെ അഭിപ്രായം ഇങ്ങനെയാണ്. ക്രൈസ്തവ മതം യൂറോപ്പിൽ പടർന്നു പന്തലിക്കുന്ന കാലഘട്ടത്തിൽ യൂറോപ്പിലെ ഒരു ഗ്രാമത്തിൽ റോമൻ മതാന്തരിക്ഷം നിലനിന്നിരുന്നതായി പുരോഹിതന്മാർ കണ്ടെത്തുകയുണ്ടായി. ഫിബ്രവരി മാസം പകുതിയാവുമ്പോൾ കുറേ ചെറുപ്പക്കാർ ആ ഗ്രാമത്തിൽ ഒരുമിച്ചു

കൂടുകയും ഗ്രാമത്തിലെ പെൺകുട്ടികളുടെ പേരുകൾ എഴുതി ഒരു പെട്ടിക്കകത്ത് നിക്ഷേപിക്കുകയും പിന്നീട് ഓരോ യുവാവും ഓരോ കാർഡ് പുറത്തെടുക്കുകയും ചെയ്യും. കാർഡിൽ കാണുന്ന പേരുള്ള പെൺകുട്ടി ഒരു വർഷത്തേക്ക് ആ യുവാവിന്റെ പ്രണയിനിയായി കരുതപ്പെടുകയും ചെയ്യും. 'ദേവികമാരുടെ ദേവിയുടെ നാമത്തിൽ (in the name of mother godess) ഞാൻ നിനക്കായി ഈ കാർഡ് അയക്കുന്നു' എന്നെഴുതിയ കാർഡ് ഉടനെ തന്നെ ആ യുവാവ് തന്റെ കാമുകിക്ക് അയച്ചുകൊടുക്കുന്നു. ഈ ബന്ധം ഒരു വർഷം നീണ്ടുനിൽക്കുകയും വർഷാവസാനം പുതിയൊരു ബന്ധം സ്ഥാപിക്കുകയും ചെയ്യുമത്രെ!!. റോമൻ പാഗനിസം ജനഹൃദയങ്ങളിൽ അരക്കിട്ടുറപ്പിക്കുന്ന ഈ കർമ്മത്തിൽ നിന്നും യുവാക്കളെ പിന്തിരിപ്പിക്കുക എന്നത് വളരെ ശ്രമകരമാണെന്ന് കണ്ടെത്തിയ ക്രൈസ്തവ പൗരോഹിത്യം 'ദേവിയുടെ നാമത്തിൽ' എന്ന വാചകത്തിന് പകരം 'സെന്റ് വാലന്റയ്ന്റെ നാമത്തിൽ' എന്ന ഒരു 'ചെറിയ' ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയായിരുന്നു. അതുവഴി യുവസമൂഹത്തെ കൃസ്തീയമതവുമായി അടുപ്പിക്കാൻ സാധിക്കുമെന്ന നിഗമനത്തിലാണവർ എത്തിച്ചേർന്നത്.

മറ്റൊരു അഭിപ്രായം: വ്യാപാരം, ലാഭം എന്നിവയുടെ ദേവനായി റോമക്കാർ കരുതിയിരുന്ന മെർക്കൂറിയസിനെ കുറിച്ചും, ദേവന്മാരുടെ ദേവനായി അവർ ഗണിച്ചിരുന്ന ജോവ് അഥവാ ജൂപ്പിറ്ററിനെ കുറിച്ചും ചോദിക്കപ്പെട്ടപ്പോൾ സെന്റ് വാലന്റയിൻ ഇപ്രകാരമാണ് പ്രതിവചിച്ചത്. ''ഇവയെല്ലാം മനുഷ്യനിർമ്മിത ദേവന്മാരാണ്. യഥാർത്ഥ ദൈവം യേശു ക്രിസ്തുവാണ്.''

അമൽ ദീർഘശ്വാസം വിട്ടു കൊണ്ട് ഇപ്രാകാരം പറഞ്ഞു. ''ഈ അക്രമികൾ ജൽപിക്കുന്നതിൽ നിന്നും യഥാർത്ഥ ദൈവമായ അല്ലാഹു എത്രമാത്രം ഔന്നത്യമുള്ളവനാണ്!!''.

അമൽ വിശദീകരണം തുടർന്നു: ''ഒരു ഹൃദയത്തിന്റെയും അതിനു ചുറ്റും അമ്പുമായി ചുറ്റിക്കളിക്കുന്ന ഒരു ബാലന്റെയും ചിത്രം അടക്കം ചെയ്തതാണ് മിക്ക കാർഡുകളും. മതപരമായ ഒരു ആഘോഷം ഈ രൂപത്തിൽ പരിവർത്തിക്കപെട്ടതിൽ വലിയ ആശ്ചര്യം തോന്നുന്നതായി ഒരു ക്രൈസ്തവ പുരോഹിതൻ തന്നെ പറയുകയുണ്ടായി.''

''അമ്പും ഹൃദയവും എന്താണെന്നറിയുമോ നിങ്ങൾക്ക്?'' അമൽ കൂട്ടുകാരികളോട് ചോദിച്ചു. അവർ പറഞ്ഞു. ''ഞങ്ങൾക്ക് അറിയില്ല''. ''റോമക്കാരുടെ കാമദേവന്റെ അടയാളമാണത്''. അമൽ വിശദീകരിച്ചു. ക്രൈസ്തവ സ്വാധീനമുള്ള ചില വാലന്റ

യ്ൻ വെബ്സൈറ്റുകളിൽ അമ്പിനു പകരം കുരിശ് പ്രത്യക്ഷപ്പെടുന്നതിന്റെ കാരണവും അതു തന്നെയാണ്. അമൽ തുടർന്നു പറഞ്ഞു.

**വാലന്റയ്ൻ ആഘോഷത്തിന്റെ മതവിധി**

അമലിന്റെ സംസാരം ശ്രദ്ധാപൂർവ്വം കേട്ടുനിന്ന മാജിദ ജൂത–ക്രൈസ്തവ ആഘോഷങ്ങൾ കൊണ്ടാടുന്നതിനെക്കുറിച്ച് ചില ഗ്രന്ഥങ്ങളിൽ വായിച്ച ഭാഗങ്ങൾ വിശദമാക്കുകയുണ്ടായി. ഇസ്ലാമിക ദർശനത്തിലൂടെ യഥാർത്ഥ സ്നേഹമെന്തെന്നു മനസ്സിലാക്കുകയും ആ സ്നേഹം വലിയൊരളവോളം തൃപ്തികരമായ സ്വാധീനമുണ്ടാക്കുകയും ചെയ്ത കുടുംബങ്ങളുള്ള ഒരു സമൂഹത്തിൽ ചുരുക്കം ചില മുസ്ലിം യുവതികളിലൂടെ ആ സമൂഹത്തിന് പരിചയമില്ലാത്ത കുറേ സമ്പ്രദായങ്ങൾ പ്രത്യക്ഷപ്പെടുന്നതാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. ചില ടെലിവിഷൻ ചാനലുകളാണ് ഇത്തരമൊരു ദുരവസ്ഥ സൃഷ്ടിക്കുന്നത്. അനുകരണമെന്ന രോഗം ചില ചെറുപ്പക്കാരെ പിടികൂടിയിരിക്കുന്നു. വിവരസാങ്കേതിക വിദ്യകളിലും വ്യാവസായിക രംഗങ്ങളിലും പുരോഗതി നേടി എന്നവകാശപ്പെടുന്നവരിൽ ഇത് കുറേ കൂടുതലായി കാണാം. .

അപകർഷതയിൽ നിന്നും ഉരുത്തിരുഞ്ഞ വിധേയത്വം എന്ന ഈ മനോരോഗം ഒരു ജ്വരമായി പടരുകയാണ്. സാംസ്കാരികമായ അവബോധം കൈമോശം വന്ന സ്ത്രീകളിൽ ഇതു വർദ്ധിച്ചു കൊണ്ടിരിക്കുന്നു. സ്വന്തം സാംസ്കാരിക വ്യക്തിത്വത്തിന്റെ പരാജയമാണ് ഇത് സൂചിപ്പിക്കുന്നത്.

عَنْ أَبِي وَاقِدٍ اللَّيْثِيِّ أَنَّ رَسُولَ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ لَمَّا خَرَجَ إِلَى حُنَيْنٍ مَرَّ بِشَجَرَةٍ لِلْمُشْرِكِينَ يُقَالُ لَهَا ذَاتُ أَنْوَاطٍ يُعَلِّقُونَ عَلَيْهَا أَسْلِحَتَهُمْ فَقَالُوا يَا رَسُولَ اللهِّ اجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ فَقَالَ النَّبِيُّ صَلَّى اللهُّ عَلَيْهِ وَسَلَّمَ سُبْحَانَ اللهِّ هَذَا كَمَا قَالَ قَوْمُ مُوسَى اجْعَلْ لَنَا إِلَهًا كَمَا لَهُمْ آلِهَةٌ وَالَّذِي نَفْسِي بِيَدِهِ لَتَرْكَبُنَّ سُنَّةَ مَنْ كَانَ قَبْلَكُمْ

(الترمذي ٢١٠٦

അബൂവാഖിദ് (﵁) വിൽ നിന്ന്: റസൂൽ (ﷺ) ഹുനൈൻ യുദ്ധത്തിനായി പുറപ്പെട്ട സന്ദർഭത്തിൽ ബഹുദൈവാരധകരുടെ ഒരു വൃക്ഷത്തിനു സമീപത്തു കൂടി നടക്കുകയുണ്ടായി. 'ദാത്ത് അന്വാത്' എന്നായിരുന്നു ആ മരത്തെ വിളിക്കപ്പെട്ടിരുന്നത്. അവരുടെ ആയുധങ്ങൾ അതിന്മേലായിരുന്നു അവർ കൊളുത്തിയിട്ടിരു

ന്നത്. അവർ പറഞ്ഞു: ''അല്ലാഹുവിന്റെ റസൂലേ, അവർക്ക് ദാത്ത് അന്വാത്വ് ഉള്ളതു പോലെ ഞങ്ങൾക്കും ഒരു ദാത്ത് അന്വാത്വിനെ നിശ്ചയിച്ചു തരൂ. അപ്പോൽ നബി (ﷺ) പറഞ്ഞു: അല്ലാഹു എത്ര പരിശുദ്ധൻ, ഇത് മൂസാ (عليه السلام) യുടെ ജനത പറഞ്ഞ പോലെ യായല്ലോ. അവർക്ക് ധാരാളം ആരാധ്യന്മാരുള്ളതു പോലെ ഞങ്ങൾക്കും ഒരു ആരാധ്യനെ നിശ്ചയിച്ചു തരൂ. എന്റെ ആത്മാവ് ആരുടെ കൈയിലാണോ (അവനാണ് സത്യം), നിങ്ങൾ നിങ്ങളുടെ പൂർവികരുടെ മാർഗ്ഗങ്ങളിൽ സഞ്ചരിക്കുക തന്നെ ചെയ്യും.'' (തിർമദി 2106)

അനുകരണ ഭ്രമം സ്വാഭാവികമായും ഹൃദയങ്ങളിൽ സ്ഥാനം പിടിച്ച കാര്യമാണ്. പക്ഷെ ദൈവിക നിയമങ്ങളിൽ അത് വളരെ കുറ്റകരവും വെറുക്കപ്പെട്ടതുമാണ്. പ്രത്യേകിച്ച് അനുകരിക്കപ്പെടുന്നവർ വിശ്വാസപരമായും ചിന്താപരമായും നമ്മോട് വിയോജിപ്പുള്ളവരായിരിക്കുകയും അവരെ അനുകരിക്കുന്നത് വിശ്വാസപരവും ആരധനാപരവുമായ കാര്യങ്ങളിലോ അല്ലെങ്കിൽ സമ്പ്രദായങ്ങളിലോ മതചിഹ്നങ്ങളിലോ ആണെങ്കിൽ. മുസ്ലിം സമൂഹം ദുർബ്ബലമായിരിക്കുന്ന ഈ വർത്തമാന യുഗത്തിൽ ശത്രുക്കളോടുള്ള വിധേയത്വം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉപഭോക്തൃസംസ്കാരത്തിന്റെ സ്വാധീനം കൊണ്ടോ, പെരുമാറ്റ രീതികളിലുണ്ടായ നൂതന ശൈലികൾ നിമിത്തമോ, പുത്തൻ ഫേഷനുകൾ പ്രചരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

അത്തരം പ്രചാരണങ്ങളുടെ ഉൽപന്നങ്ങളിൽ പെട്ടതാണ് ഇത്തരത്തിലുള്ള ആഘോഷങ്ങൾ. മത ചിഹ്നങ്ങൾ മരിച്ചാലും, നിയന്ത്രണമില്ലാത്ത 'സാംസ്കാരിക' മുന്നേറ്റം സാധ്യമാവണമെന്ന പൈശാചിക ദുർബ്ബോധനങ്ങളോട് സമൂഹം അനുകൂലമായി പ്രതികരിച്ചു തുടങ്ങിയിരിക്കുന്നു എന്ന വേദനാജനകമായ ദുരവസ്ഥയെയാണ് അവ കൊണ്ടാടപ്പെടുന്നതിലുള്ള വർദ്ധിച്ചു വരുന്ന താൽപര്യങ്ങൾ സൂചിപ്പിക്കുന്നത്.

സെന്റ് വാലന്റയിനിന്റെ ഓർമ്മക്ക് വേണ്ടിയാണെന്ന വിശ്വാസത്തോടെയാണ് അത് ആചരിക്കപ്പെടുന്നതെങ്കിൽ തീർച്ചയായും അത് അവിശ്വാസമാണെന്നതിൽ സംശയമില്ല. അതല്ല അത്തരമൊരു ഉദ്ദേശമില്ലെങ്കിൽ തന്നെ അതൊരു വമ്പിച്ച തിന്മയാണെന്ന കാര്യത്തിലും സംശയമില്ല.

ഇബ്നുൽഖയ്യിം (رحمه الله) പറയുന്നു:

وأما التهنئة بشعائر الكفر المختصة به فحرام بالاتفاق ، مثل أن يهنيهم بأعيادهم وصومهم ، فيقول : عيد مبارك عليك (أحكام أهل الذمة)

''അവിശ്വാസത്തിന്റെ മതചിഹ്നങ്ങളുടെ പേരിലുള്ള ആശംസകൾ മതപരമായി നിഷിദ്ധമാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഐക്യമുള്ള കാര്യമാണ്. *ഈദ് മുബാറക്ക് അലൈക്ക്* തുടങ്ങിയ ആശംസകളിലൂടെ അവരുടെ ആഘോഷങ്ങൾക്കും വ്രതാനുഷ്ഠാനങ്ങൾക്കും ആശംസകൾ നൽകുന്നത് ഇതിൽ പെട്ടതാണ്.''

അമൽ ചോദിച്ചു: ''മാജിദാ, വലാഅ്, ബറാഅ് എന്നിവയുമായി ഇതിനെന്താണ ബന്ധമുള്ളത്?''

മാജിദ ഇപ്രകാരം വിശദീകരിച്ചു: ''സച്ചരിതരായ പൂർവ്വസൂരികളുടെ വിശ്വാസത്തിന്റെ അടിസ്ഥാന വിശ്വാസത്തിൽ പെട്ടതാണ് വലാഉം ബറാഉം. അതുകൊണ്ടു തന്നെ *'ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹി'* എന്ന പ്രഖ്യാപിക്കുന്ന ഏതൊരു മുസ്ലിമിനും സത്യവിശ്വാസത്തെയും അതിന്റെ വക്താക്കളെയും സ്നേഹിക്കൽ (വലാഅ്) നിർബന്ധബാധ്യതയായി മാറുന്നു. അതുപോലെ തന്നെ സത്യനിഷേധത്തോടും അതിന്റെ വക്താക്കളോടും വെറുപ്പ് പ്രകടിപ്പിക്കലും അതിനോട് രാജിയാവാതിരിക്കലും വിയോജിപ്പ് പ്രകടിപ്പിക്കലും (ബറാഅ്) നിർബന്ധമായിത്തീരുന്നു. വലാഉം ബറാഉം വിശ്വാസികൾക്ക് നന്മ മാത്രമേ പ്രദാനം ചെയ്യൂ എന്ന തിരിച്ചറിവ് വിശ്വാസികൾക്കുണ്ടായിരിക്കണം.

മുസ്ലിംകൾ അവിശ്വാസികളെ അനുകരിക്കുന്ന പക്ഷം അത് അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ആഹ്ലാദകരമായിരിക്കും എന്ന കാര്യം തീർച്ചയാണ്. അനുകരണം ഹൃദയവികാരങ്ങളിലൂടെയും ആന്തരികമായ സ്നേഹഭാവങ്ങളിലൂടെയുമാണല്ലോ കടന്നു വരുന്നത്. അവിശ്വാസികളുടെ ആരാധനാ കർമ്മങ്ങളെയും ആചാരങ്ങളെയും ആഘോഷങ്ങളെയും ജീവിതരീതികളെയും അനുകരിക്കുന്നതിലൂടെ മാത്രമെ മുസ്ലിംകളെക്കുറിച്ച് അവർക്ക് തൃപ്തി വരികയുള്ളൂ.

وَلَنْ تَرْضَى عَنْكَ الْيَهُودُ وَلا النَّصَارَى حَتَّى تَتَّبِعَ مِلَّتَهُمْ (البقرة ١٢٠)

''യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തി വരികയില്ല; നീ അവരുടെ മാർഗ്ഗം പിൻപറ്റുന്നതുവരെ.'' (അൽബഖറ–120)

ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതു കൊണ്ട് പ്രത്യേകിച്ചൊന്നും നേടിയെടുക്കുവാനില്ല എന്നു മാത്രമല്ല അവിശ്വാസികളുടെ മതചിഹ്നങ്ങൾക്കും വിശ്വാസങ്ങൾക്കും അനാവശ്യമായ പ്രചാരണം നൽകുക എന്ന ദൗത്യ നിർവ്വഹണമാണ് മുസ്ലിം യുവതികളും യുവാക്കളും അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കപ്പെടാതെ പോവുകയാണ് ചെയ്യുന്നത്.

يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا الْيَهُودَ وَالنَّصَارَى أَوْلِيَاءَ بَعْضُهُمْ أَوْلِيَاءُ بَعْضٍ وَمَنْ يَتَوَلَّهُمْ مِنْكُمْ فَإِنَّهُ مِنْهُمْ إِنَّ اللَّهَ لَا يَهْدِي الْقَوْمَ الظَّالِمِينَ (المائدة ٥١)

''സത്യവിശ്വാസികളേ, യഹൂദന്മാരേയും ക്രൈസ്തവരേയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ അന്യോന്യം ഉറ്റ മിത്രങ്ങളാണ് താനും. നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽപെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർ വഴിയിലാക്കുകയില്ല; തീർച്ച.'' (അൽമാഇദ - 51)

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ (المجادلة ٢٢)

''അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുനത് നീ കണ്ടെത്തുകയില്ല.'' (മുജാദില - 22)

അതോടൊപ്പം സുന്നത്തുകൾ ഓരോന്നായി നശിച്ചു പോയിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു ബിദ്അത്ത് സ്ഥാപിതമാവുമ്പോൾ ഒരു സുന്നത്ത് നഷ്ടപ്പെടുന്നു എന്നാണല്ലോ പണ്ഡിതന്മാർ പഠിപ്പിച്ചത്. നമസ്കാരത്തിലെ ഓരോ റക്-അത്തിലും ***'ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം, സ്വിറാത്വല്ലദീന അൻ-അംത അലൈഹിം ഗൈരിൽ മഅ്ദൂബി അലൈഹിം, വലല്ലാല്ലീൻ'*** ('ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കേണമേ. കോപത്തിനിരയായവരുടെ മാർഗ്ഗത്തിലല്ല,പിഴച്ചു പോയവരുടെ മാർഗ്ഗത്തിലുമല്ല') എന്നു പ്രാർത്ഥിക്കുന്ന വിശ്വാസിയുടെ പ്രാർത്ഥനക്ക് എന്ത് പ്രതിഫലം ലഭിക്കുവാനാണ്? അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രീഭൂതരായ പ്രവാചകന്മാരുടെയും സത്യവാന്മാരുടെയും രക്തസാക്ഷികളുടെയും സുഗുണവാന്മാരുടെയും മാർഗ്ഗത്തിൽ ഞങ്ങളെ ചലിപ്പിക്കേണമേ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ദൈവകോപത്തിന് വിധേയരായ മാർഗ്ഗഭ്രംശം സംഭവിച്ച ജൂതകൃസ്തീയരുടെ മാർഗ്ഗങ്ങളിൽ നിന്നും ഞങ്ങളെ അകറ്റേണമേ എന്നു കൂടി പ്രാർത്ഥിക്കുന്നുണ്ടെന്ന ബോധം

ഈ അനുകരണത്തിന്റെ തിരക്കിൽ മറന്നു പോവുന്നത് എന്തു മാത്രം വിരോധാഭാസമാണ്.

ഈ ദിവസത്തിൽ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശങ്ങൾ പരസ്പരം കൈമാറുന്നു എന്നല്ലാതെ അവരുടെ വിശ്വാസവുമായി ഒരിക്കലും കൂടിച്ചേരുന്നില്ല എന്നാണ് എന്റെ ഒരു കൂട്ടുകാരി പറയുന്നത്. ഈ പ്രസ്താവന അലക്ഷ്യവും അശ്രദ്ധയോടു കൂടിയുള്ളതുമാണ്. ഈ ആഘോഷത്തിന്റെ അടിസ്ഥാനമെന്താണെന്ന് അമൽ ഇവിടെ വിശദീകരിച്ചു കഴിഞ്ഞു. ക്രൈസ്തവ വിശ്വാസത്തിൽ നിന്നും ഉൽഭൂതമായ ഈ ആഘോഷം പാശ്ചാത്യലോകത്തെ വഴി തെറ്റിയ യുവതീയുവാക്കളുടെ ചേഷ്ടകൾ കാണിക്കാനുള്ള ഒരേർപ്പാടായി മാറിയതിൽ അൽഭുതം തോന്നുന്നു!! അതിലേറെ ആശ്ചര്യകരമായി തോന്നുന്നത് മനുഷ്യസമൂഹത്തിൽ മാനസിക വൈകല്യം സംഭവിച്ചുകൊണ്ടിരിക്കുന്ന ചിലർ കാണിക്കുന്ന കോപ്രായങ്ങളെ ചാരിത്ര്യവതികളായ മുസ്ലിം വനിതകൾ എങ്ങനെ തൃപ്തിപ്പെടുന്നു എന്നതാണ്. എന്തൊരു വൈരുദ്ധ്യം?!

ഈ ആഘോഷത്തിന്റെ ആചരണം സ്വാഭാവികമായി രൂപപ്പെട്ടതോ അൽപകാലത്തേക്ക് മാത്രം നിലനിൽക്കുന്നതോ അല്ല. സ്ത്രീ–പുരുഷ ബന്ധത്തിന്റെ പ്രകൃതിപരമായ പാരസ്പര്യത്തിലേക്ക് പാശ്ചാത്യ മൂല്യങ്ങളുടെ ഇറക്കുമതിയായി മാത്രമേ ഇവയെ വിലയിരുത്താൻ സാധിക്കൂ. ഒരു സമൂഹത്തെ സ്വഭാവ വൈകൃതങ്ങളിൽ നിന്നും സുരക്ഷിതമായി നിർത്തുന്ന അതിർവരമ്പുകളെ കുറിച്ച് കൃത്യമായ ഒരു ധാരണയും കാഴ്ചപ്പാടും ഇല്ലാത്ത സമൂഹമാണ് പാശ്ചാത്യർ. പാശ്ചാത്യലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ തകർച്ച അതാണ് സൂചിപ്പിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് അതിനു പകരമായി ആഘോഷങ്ങളും ആചാരങ്ങളുമുണ്ട്. ഇത്തരം വൈകൃതങ്ങൾക്ക് പിറകെ സഞ്ചരിച്ച് അവരെ അനുകരിക്കുന്നതിനു പകരം ഇസ്ലാമിക മാർഗ്ഗങ്ങൾ അവലംബിക്കുകയാണ് നമ്മെ സംബന്ധിച്ചിടത്തോളം കരണീയമായിട്ടുള്ളത്. മാതാക്കൾക്ക് മഹത്തായ സ്ഥാനം കൽപ്പിച്ച മതമാണ് ഇസ്ലാം. ഓരോ സന്ദർഭങ്ങളിലും അവരുടെ മഹത്വങ്ങൾക്കനുസരിച്ച് നാം പ്രവർത്തിക്കുന്നു. അതുപോലെ പിതാവിനും സഹോദരങ്ങൾക്കും ഓരോരുത്തരുടെയും സ്ഥാനത്തിനനുസരിച്ച് മഹത്വം നാം കൽപ്പിച്ചു വരുന്നു. അവിശ്വാസികൾ തിരഞ്ഞെടുത്തതുപോലെ ചില ദിവസങ്ങളിലും വർഷങ്ങളിലും ആഘോഷാവസരങ്ങളിലും മാത്രം ഒതുക്കി നിർത്തേണ്ട കാര്യമല്ല അത്.

സ്നേഹത്തിന്റെ പേരിൽ ആശംസകളർപ്പിക്കുന്നതു നല്ലതു തന്നെയാണ്. എന്നാൽ അത് പാശ്ചാത്യ സംസ്കാരത്തിനും ക്രൈസ്തവ സമ്പ്രദായങ്ങൾക്കും അനുസൃതമായിരിക്കരുത്. അവരുടെ സംസ്കാരങ്ങളോടും ജീവിതക്രമങ്ങളോടും പ്രതിപത്തിയുണ്ടാക്കുവാനും ദൈവിക വേദഗ്രന്ഥങ്ങളിലൂടെ നാം സ്വാംശീകരിച്ച സൽഗുണസംസ്കാരങ്ങളോട് അപകർഷത ഉണ്ടാക്കുവാനും മാത്രമേ അത്തരം സ്നേഹപ്രകടനങ്ങൾ സഹായിക്കൂ.

മാജിദ അവളുടെ സംസാരം ഉപസംഹരിച്ചത് ഇങ്ങനെയാണ്. ‘‘ഈ ആഘോഷത്തിനു പിന്നിൽ ചില വാണിജ്യ താൽപര്യങ്ങൾ കൂടിയുണ്ട്. ഈ ആഘോഷം വന്നെത്തുമ്പോൾ സന്തോഷിക്കുന്ന ചില കച്ചവടക്കാരുണ്ട്. റോസാപൂവിന്റെയും ഗ്രീറ്റിംഗ് കാർഡുകളുടെയും ചന്തകൾ ഈ വേളകളിൽ സജീവമാകുന്നു. അവിശ്വാസികളുടെ ആഘോഷങ്ങളെ അനുകരിക്കുന്നത് അനുവദിക്കപ്പെട്ട കാര്യമല്ലെങ്കിൽ അതിനോട് സഹകരിക്കലും അനുവദനീയമാവുകയില്ല.’’

നെഞ്ചോട് ചേർത്തു പിടിച്ച റോസാ പുഷ്പം മാറ്റിവെച്ചുകൊണ്ട് നൂറ പറഞ്ഞു: ‘‘സൽഗുണസമ്പന്നമായ ഇത്തരം സൗഹൃദങ്ങളാണ് എനിക്കു വേണ്ടത്. ഈ സൗഹൃദം എന്നെ നന്മയിലേക്കു നയിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്നെ സ്നേഹിക്കുകയും എനിക്ക് സ്നേഹിക്കാൻ അവസരങ്ങളുണ്ടാക്കുകയും ചെയ്യുന്നു.

وعن معاذ ابن جبل -رضي الله عنه- قال: سمعت رسول الله صلي الله عليه وسلم -يقول: قال الله -تبارك وتعالي:- وَجَبَتْ محَبَّتِي لِلْمُتَحَابِّينَ فِيَّ وَالمتَجَالِسِينَ فِيَّ وَالمتَزَاوِرِينَ فِيَّ وَالمتَبَاذِلِينَ فِيَّ)) رواه مالك (الموطأ - ١٥٠٣)

മുആദ് ബിൻ ജബലിൽ(ﷺ) നിന്ന്: റസൂൽ (ﷺ)പറഞ്ഞു. അല്ലാഹു തആല ഇങ്ങിനെ പറഞ്ഞിരിക്കുന്നു‘എന്റെ കാര്യത്തിൽ പരസ്പരം സ്നേഹിക്കുകയും എന്റെ കാര്യത്തിനു വേണ്ടി പരസ്പരം സന്ദർശിക്കുകയും എന്റെ കാര്യത്തിനു വേണ്ടി പരസ്പരം സഹായിക്കുകയും ചെയ്യുന്നവർക്ക് എന്റെ സ്നേഹം വിധിക്കപ്പെട്ടിരിക്കുന്നു.’ (മുവത്വ – ഇമാം മാലിക്ക് – 1503).

അല്ലാഹുവിന്റെ ഈ വിശേഷണത്തിന് അർഹമാകുന്ന ഒരു കൂട്ടയ്മയായി ഈ സൗഹൃദത്തെ ആക്കുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.’’

സദ്വൃത്തന്മാർക്കായി അല്ലാഹു ഒരുക്കിവെച്ച ആകാശ ഭൂമികളുടെ വിശാലതയുള്ള സ്വർഗ്ഗപൂങ്കാവനങ്ങളിൽ പ്രവേശിക്കുവാൻ സഹായകമാവുന്ന രൂപത്തിൽ നമ്മുടെ ജീവിതത്തിൽ വിശുദ്ധമായ സ്നേഹവും കലർപ്പില്ലാത്ത കാരുണ്യവും വഴിഞ്ഞൊഴുകട്ടെ. നമ്മിലെ മഹത്തായ ഇസ്ലാമിക വ്യക്തിത്വങ്ങളെ കാത്തു സൂക്ഷിക്കുവാനും മുസ്ലിം ബഹുജനങ്ങളുടെ സ്ഥിതിഗതികൾ നന്നാക്കി തീർക്കുവാനും അല്ലാഹു സഹായിക്കട്ടെ.

**وصلى الله على نبينا محمد وعلى آله وصحبه أجمعين**

*************